ശ്രീ. എ.വി. താമരാക്ഷൻ: മൽസ്യത്തൊഴിലാളി ഗ്രാമ സംഘങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് മുഖ്യമന്ത്രി ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന അവസരത്തിൽ 1985 സെപ്റ്റംബർ മാസത്തിൽ നടത്തുമെന്ന് രേഖാമൂലം ഉറപ്പ് നൽകിയതാണ്. അത് പാലിച്ചിട്ടില്ല. അതുകൊണ്ട് ഈ ഗവൺമെന്റു ഇതിലേക്കുള്ള തിരഞ്ഞെടുപ്പ് എന്നത്തേയ്ക്ക് നടത്തുമെന്നു ഇപ്പോഴെങ്കിലും ശരിയായ ഒരു മറുപടി സഭയ്ക്ക് നൽകാമോ?

ശ്രീ. എ.എൽ. ജേക്കബ്: ഉടനെതന്നെ അതിനെപ്പറ്റി ആലോചിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ലാത്തിച്ചാർജ്ജ്

* 5 [5] ശ്രീ. കെ. പുരുഷോത്തമൻ:
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള:
ഡോ. എ. സുബ്ബറാവു:
ശ്രീ. കെ.വി. സുരേന്ദ്രനാഥ്:
,, കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി ആഭ്യന്തരവകുപ്പ് ഏറ്റെടുത്തതിനു ശേഷം ഇന്നേവരെ എവിടെയൊക്കെ പോലീസ് ലാത്തിച്ചാർജ്ജ് നടന്നിട്ടുണ്ട്;

(ബി) കോളേജ് അദ്ധ്യാപക സമരത്തോടനുബന്ധിച്ച് 5–6–1986–ൽ തിരുവനന്തപുരത്ത് പ്രകടനം നടത്തിയവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതായും മർദ്ദിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) പി–ഡിഗ്രി ബോർഡ് നടപ്പാക്കരുതെന്നാവശ്യപ്പെട്ടുകൊണ്ട് 1986 ജൂൺ 5–ന് തിരുവനന്തപുരത്ത് പ്രകടനം നടത്തിയവരെ പോലീസ് ലാത്തിച്ചാർജ്ജ് ചെയ്തതിനെ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ആരാണ് അന്വേഷിക്കുന്നത്;

(എഫ്) പ്രസ്തുത ലാത്തിച്ചാർജ്ജിൽ എത്ര പേർക്കു പരിക്കേറ്റു;

(ജി) പരിക്കേറ്റവരിൽ പത്രപ്രവർത്തകർ ഉണ്ടായിരുന്നുവോ; എങ്കിൽ ഏതെല്ലാം പത്രങ്ങളുടെ പ്രവർത്തകർ;

(എച്ച്) ഇതു സംബന്ധിച്ച് കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്താണെന്നു വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ കെ. കരുണാകരൻ):

(എ) റാന്നിയിലും കൊല്ലത്തും.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) അതിൻമേൽ അന്വേഷണം നടത്താൻ ഉത്തരവിട്ടു.

(ഡി, ഇ) പ്രകടനക്കാരെ ലാത്തിച്ചാർജ്ജ് നടത്തി എന്ന പരാതിയെക്കുറിച്ച് പോലീസ് ഡയറക്ടർ ജനറലും, പത്രപ്രവർത്തകരെ കൈയ്യേറ്റം ചെയ്തു എന്ന പരാതിയെക്കുറിച്ച് റവന്യൂ ബോർഡ് മെമ്പർ ശ്രീ. സക്കറിയാ മാത്യുവും അന്വേഷിക്കുന്നുണ്ട്.

(എഫ്) ഈ സംഭവത്തിൽ 3 പോലീസ് ഉദ്യോഗസ്ഥൻമാർക്കും മറ്റ് 14 പേർക്കും പരിക്കേറ്റു.

(ജി) പരിക്കേറ്റ പതിനാല് പേരിൽ പത്ര പ്രവർത്തകർ ആരും ഇല്ല. മനോരമയുടേയും കേരള കൗമുദിയുടേയും പ്രവർത്തകർക്കു പരിക്കേറ്റതായി പരാതിയുണ്ടായിട്ടുണ്ട്.

(എച്ച്) പ്രാഥമിക അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 3 പോലീസുകാരെ സസ്പെന്റു ചെയ്ത് ഡിപ്പാർട്ടുമെന്റ് ശിക്ഷണ നടപടി ആരംഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ ഏഴാം പദ്ധതി

* 6 [6] ശ്രീ. ഇ. പത്മനാഭൻ:

ശ്രീമതി കെ.ആർ. ഗൗരി:

ശ്രീ. എം. ജിനദേവൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതിയുടെ മൊത്തം അടങ്കൽ എത്ര; അതിൽ കേന്ദ്രത്തിന്റെ വിഹിതം എന്താണ്;

(ബി) ഏഴാം പദ്ധതിയുടെ ഒന്നും രണ്ടും വാർഷിക പരിപാടികൾക്ക് സംസ്ഥാനം ആവശ്യപ്പെട്ട അടങ്കൽ എത്ര; അംഗീകരിച്ചതെത്ര; ഈ വർഷങ്ങളിലേക്ക് കേന്ദ്രഗവൺമെന്റിന്റെ വിഹിതം എത്രവീതം;

(സി) ഒന്നാംവാർഷിക പദ്ധതിക്ക് സംസ്ഥാനം ചെലവഴിച്ച മൊത്തം തുക എത്ര; ഇതിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എന്തായിരുന്നു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) സംസ്ഥാനത്തിന്റെ ഏഴാം പദ്ധതി അടങ്കൽ 2100 കോടി രൂപയാണ്. അതിൽ കേന്ദ്രത്തിന്റെ വിഹിതം 1140 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly